**പതിമൂന്നാം കേരള നിയമസഭ**

**ഏഴാം സമ്മേളനം**

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ : **3555**      19.02.2013 -ൽ മറുപടിക്ക്

**<u>സേവനാവകാശനിയമം</u>**

| ചോദ്യം | മറുപടി |
|---|---|
| **ശ്രീ. വി.എസ്. സുനിൽകുമാർ** | **ശ്രീ. ഉമ്മൻചാണ്ടി**<br>**മുഖ്യമന്ത്രി** |
| (എ) സേവനാവകാശനിയമപ്രകാരം വിജ്ഞാപനങ്ങൾ പുറപ്പെടുവിച്ച വകുപ്പുകൾ ഏതൊക്കെയെന്ന് വ്യക്തമാക്കാമോ ; | (എ) & (ബി) സേവനാവകാശ നിയമപ്രകാരം താഴെപ്പറയുന്ന വകുപ്പുകൾ വിജ്ഞാപനം പുറപ്പെടുവിച്ചിട്ടുണ്ട്.<br>1 വനം-വന്യജീവി വകുപ്പ്<br>2 ട്രഷറി വകുപ്പ്<br>3 കേരള ഫിനാൻഷ്യൽ കോർപ്പറേഷൻ<br>4 പട്ടികജാതി വികസന വകുപ്പ്, സെക്രട്ടേറിയേറ്റ്<br>5 പട്ടികജാതി വികസന വകുപ്പിനു കീഴിലെ സ്ക്രൂട്ടിനി കമ്മിറ്റി<br>6 പട്ടിക ജാതി വികസന വകുപ്പ്<br>7 പട്ടിക ജാതി - പട്ടിക വർഗ്ഗ വികസന കോർപ്പറേഷൻ<br>8 എക്സൈസ് വകുപ്പ്<br>9 ലോട്ടറി വകുപ്പ്<br>10 രജിസ്ട്രേഷൻ വകുപ്പ്<br>11 വാണിജ്യ നികുതി വകുപ്പ്<br>12 സ്വാതന്ത്ര്യസമര സേനാനി പെൻഷൻ വകുപ്പ്, സെക്രട്ടേറിയറ്റ്.<br>13 സൈനിക ക്ഷേമ വകുപ്പ്<br>14 സിവിൾ സപ്ലൈസ് വകുപ്പ്<br>15 പോലീസ് വകുപ്പ്<br>16 ആഭ്യന്തര (അറ്റസ്റ്റേഷൻ) വകുപ്പ്, സെക്രട്ടേറിയറ്റ്.<br>17 വിവര സാങ്കേതിക വകുപ്പ്, സെക്രട്ടേറിയറ്റ്.<br>18 റവന്യൂ വകുപ്പ് |
| (ബി) വിജ്ഞാപനം പുറപ്പെടുവിച്ചില്ലെങ്കിൽ എന്നേക്ക് വിജ്ഞാപനം പുറപ്പെടുവിക്കാനാകുമെന്ന് വ്യക്തമാക്കാമോ ? | |

19 കോളേജ് വിദ്യാഭ്യാസ വകുപ്പ്.

20 കേരള സംസ്ഥാന ഇൻഷ്വറൻസ് വകുപ്പ്.

പ്രസ്തുത നിയമം 3-ാം വകുപ്പുപ്രകാരം നിയമം പ്രാബല്യത്തിൽ വന്ന് ആറു മാസത്തിനുള്ളിൽ ഓരോ സർക്കാർ വകുപ്പും/ സ്ഥാപനവും ഇതു സംബന്ധിച്ചുള്ള ഗസറ്റ് വിജ്ഞാപനം പുറപ്പെടുവിക്കേണ്ടതാണ്.

23.11.2012 - ലെ സർക്കുലർ നമ്പർ. 21145/AR12(1)/12/ഉ.ഭ.പ.വ. പ്രകാരവും, 20.12.2012-ലെ സർക്കുലർ നമ്പർ. 14944/AR.12(1)/12/ഉ.ഭ.പ.വ. പ്രകാരവും ഇനിയും ഗസറ്റ് വിജ്ഞാപനം പുറപ്പെടുവിക്കാത്ത എല്ലാ വകുപ്പുകളോടും/ സ്ഥാപനങ്ങളോടും സേവനാവകാശ നിയമം 2(ജി) വകുപ്പിന്റെ പരിധിയിൽപ്പെട്ട സേവനങ്ങൾ, ടി നിയമം 3-ാം വകുപ്പ പ്രകാരം അടിയന്തിരമായി ഗസറ്റ് വിജ്ഞാപനം ചെയ്യുന്നതിനായി നിർദ്ദേശിച്ചിട്ടുണ്ട്.

സെക്ഷൻ ഓഫീസർ.